# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2336:** **23/03/2012- ൽ മറുപടിക്ക്**

## ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. രാധാകൃഷ്ണൻ:**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ നയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കരട് വ്യവസായ നയം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംരംഭകർക്ക് സാങ്കേതിക ജ്ഞാനവും, സാമ്പത്തിക സഹായങ്ങളും നൽകി കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ജോലി സാധ്യത പ്രദാനം ചെയ്യുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിനു കൂടുതൽ പ്രാധാന്യം നൽകും. സംസ്ഥാനത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സെക്ടർ തിരിച്ചിട്ടുള്ള പാർക്കുകൾ, മേന്മയേറിയ അടിസ്ഥാന സൗകര്യം, പൊതുസൗകര്യങ്ങൾ, വൈദഗ്ദ്ധ്യവും സാങ്കേതിക അറിവും ഉയർത്തൽ, ക്ലിയറൻസുകളും ലൈസൻസുകളും കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | വിവര സാങ്കേതിക മേഖലയിൽ ചെറുകിട വ്യവസായികളെ കൂടി ഉൾപ്പെടുത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ